I ഇ.ബി. XV - കേരള നിയമസഭ/XI-3

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ജൂൺ 12, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I അറിയിപ്പ്**

അംഗത്തിന്റെ രാജി

പാലക്കാട് നിയോജകമണ്ഡലത്തിലെ അംഗം ശ്രീ. ഷാഫി പറമ്പിൽ തന്റെ നിയമസഭാംഗത്വം 12-06-2024 മുതൽ പ്രാബല്യത്തിൽ രാജിവച്ചതായി ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

## II ശ്രദ്ധക്ഷണിക്കൽ

### (1) തീരദേശ-നദി-കനാൽകര നിവാസികളുടെ ഭൂമിക്ക് പട്ടയം

ശ്രീ. പി. പി. ചിത്തരഞ്ജൻ: തീരദേശമേഖലകളിലും നദി/പുഴ/റോഡ് പുറമ്പോക്കുകളിലും താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാകാത്തതിനാൽ ലൈഫ് ഭവന പദ്ധതിയോ ബാങ്ക് വായ്പയോ കരസ്ഥമാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കൈവശരേഖയുടെപകരം പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കണം. ആര്യാട്, മണ്ണഞ്ചേരി പഞ്ചായത്തുകളിലെ കനാൽ കരകളിലെ ഇരുവശങ്ങളിലും താമസിക്കുന്ന 128 കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): തീരദേശമേഖലകളിലും ജലസേചന സ്രോതസ്സുകളുടെ പുറമ്പോക്കുകളിലും താമസിക്കുന്നവരുടെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 1964-ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരവും 1995-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ ഭൂമി പതിവ് ചട്ടപ്രകാരവും പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെങ്കിലും കടൽ/കനാൽ/ തോട്/ റോഡ് പുറമ്പോക്കുകളും അവയോട് ചേർന്നുവരുന്ന മറ്റ് പുറമ്പോക്കുകളും പതിച്ചുനൽകുന്നതിന്

നിയമപരമായ തടസ്സങ്ങളുണ്ട്. സി.ആർ.ഇസഡ്. മേഖലയിലുൾപ്പെട്ട ഭൂമി പതിച്ചുനൽകുന്നതിന് തടസ്സമില്ലെങ്കിലും പ്രസ്തുത മേഖലയിലെ നിർമ്മാണങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തി കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിൽ ഇളവ് വരുത്താനുള്ള ശിപാർശ നടപ്പാകുന്നതോടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതാണ്. ജലാശയങ്ങളിൽനിന്നും ഭൂപതിവ് ചട്ടം അനുശാസിക്കുന്ന ദൂരംവരെ പതിവിന് വിധേയമല്ലാത്ത പുറമ്പോക്ക് നിലനിർത്തിക്കൊണ്ട് തുടർന്നുള്ള കൈവശഭൂമി പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് പതിച്ചുനൽകുന്നതിന് സർവ്വേ നടത്തി റവന്യൂ റിക്കാർഡുകളിൽ മാറ്റംവരുത്തുന്നതാണ്. ജലാശയങ്ങളുടെ പുറമ്പോക്കുകൾ ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങളിൽ താമസിക്കുന്നവരെ ഒഴിപ്പിക്കാൻ സാധിക്കില്ലെന്ന പ്രത്യേക സാഹചര്യം സംജാതമായാൽ സുപ്രീംകോടതി നിർദ്ദേശിച്ച മാനദണ്ഡമനുസരിച്ച് കൈവശക്കാർക്ക് പട്ടയം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. ജലസേചന പദ്ധതികൾക്കായി ഏറ്റെടുത്ത സ്ഥലങ്ങളിൽ അവശേഷിച്ചതോ പദ്ധതി ഉപേക്ഷിച്ചതോമൂലം ഉപയോഗരഹിതമായിട്ടുള്ള ഭൂമിയിൽ കുടിയേറി താമസിക്കുന്നവർക്ക് പട്ടയം കൊടുക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്. തീരദേശ പ്രശ്നങ്ങൾ

പരിഹരിക്കുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി നൽകുന്നതിനും ഒരു പ്രത്യേക മിഷൻ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഡിജിറ്റൽ സർവ്വേയുടെ മൂന്നാം ഘട്ടത്തിൽ കോമളപുരം വില്ലേജിനെക്കൂടി ഉൾപ്പെടുത്തി അവിടത്തെ പട്ടയ പ്രശ്നം പരിഹരിക്കുന്നതാണ്.

(2) ആരോഗ്യ സേവനരംഗത്ത് മലപ്പുറം ജില്ല നേരിടുന്ന അവഗണന

ശ്രീ. നജീബ് കാന്തപുരം: ആരോഗ്യ സേവനരംഗത്ത് മലപ്പുറം ജില്ല നേരിടുന്ന അവഗണനയ്ക്കും ഡോക്ടർമാരുടെ അഭാവത്തിൽ മേലാറ്റൂർ സി.എച്ച്.സി.-യിൽ ഒ.പി. സൗകര്യമില്ലാത്ത അവസ്ഥയ്ക്കും പരിഹാരം കാണണം. പെരിന്തൽമണ്ണ ആശുപത്രിയിൽ ബെഡ്ഡുകളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി സൗകര്യങ്ങൾ വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സംസ്ഥാനത്തെ ആശുപത്രികളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സസൂക്ഷ്മം പരിശോധിച്ചുകൊണ്ടുള്ള വികസനപ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. മലപ്പുറം ജില്ലയിൽ ആരോഗ്യവകുപ്പിൽ മാത്രമായി 774 ആരോഗ്യസ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. ഭാരതീയ

ചികിത്സാവകുപ്പിന്റെ കീഴിൽ ആയുർവേദ ആശുപത്രിയുൾപ്പെടെ 132-ഉം ഹോമിയോ വകുപ്പിന്റെ കീഴിൽ 103-ഉം ആരോഗ്യസ്ഥാപനങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. മലപ്പുറം ജില്ലയിൽ ആരോഗ്യ സേവന വകുപ്പിൽ മാത്രം 368 പുതിയ തസ്തികകൾ സൃഷ്ടിച്ചു. നാഷണൽ ഹെൽത്ത് മിഷൻ മുഖേന വിവിധ തസ്തികകളിലായി 1400-ഓളം ജീവനക്കാരെയും 3185 ആശാവർക്കർമാരെയും ജില്ലയിലെ ആരോഗ്യസ്ഥാപനങ്ങളിൽ വിന്യസിച്ച് അവരുടെ സേവനം ഉറപ്പാക്കുന്നുണ്ട്. ആർദ്രം മിഷന്റെ ഭാഗമായി 68 സ്ഥാപനങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കി കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. വാർഷികാരോഗ്യ പരിശോധനയുടെ ഭാഗമായി മലപ്പുറം ജില്ലയിൽ വയോജനങ്ങളുടെയും കിടപ്പുരോഗികളുടെയും ഹോംബൗണ്ട് വ്യക്തികളുടെയും ആരോഗ്യവിവരങ്ങളുടെ ഡാറ്റ ശേഖരിച്ച് തുടർസേവനങ്ങൾ ഉറപ്പാക്കിവരുന്നുണ്ട്. പെരിന്തൽമണ്ണ ആശുപത്രിയിലെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ ബെഡ്ഡുകൾ കൂടുതൽ അനുവദിക്കാൻ കഴിയുന്നതാണ്. മേലാറ്റൂർ സി.എച്ച്.സി.-യിൽ കാഷ്വാലിറ്റി നിലവിലില്ലെങ്കിലും കിടത്തി ചികിത്സയും രാത്രിയിൽ ഡ്യൂട്ടി ഡോക്ടറിന്റെ സേവനവും ഉറപ്പുവരുത്തിയിട്ടുണ്ട്.

## III സബ്മിഷൻ

### (1) കൊട്ടിയൂർ വൈശാഖ മഹോത്സവം

ശ്രീ. സണ്ണി ജേസഫ്: ലക്ഷക്കണക്കിന് തീർത്ഥാടകരെത്തുന്ന കൊട്ടിയൂർ ക്ഷേത്രത്തിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും മെഡിക്കൽ സംവിധാനവും ഒരുക്കുന്നതിനും നോട്ടിഫൈഡ് ഫെസ്റ്റിവലായി ഇതിനെ പ്രഖ്യാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): കൊട്ടിയൂർ ക്ഷേത്രത്തിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതുമായി ബന്ധപ്പെട്ട് മലബാർ ദേവസ്വംബോർഡ്, ലോക്കൽ ബോഡി, ജില്ലാ ഭരണകൂടതലങ്ങൾ എന്നിവിടങ്ങളിൽ യോഗം ചേർന്ന് ആവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഗസ്റ്റ് ഹൗസ് സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ക്ഷേത്രപരിസരത്ത് 10 മുറികളോടുകൂടിയ 3 ടോയ്ലെറ്റ് ബ്ലോക്ക് നിർമ്മിക്കുന്നതിന് പ്രത്യേക തുക അനുവദിച്ചിട്ടുണ്ട്. ബാരിക്കേഡ് നിർമ്മിക്കുന്നതിന് എ.എസ്. നൽകിയിട്ടുണ്ട്. കൊട്ടിയൂർ മഹോത്സവം നോട്ടിഫൈഡ് ഫെസ്റ്റിവലായി പ്രഖ്യാപിക്കുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(2) തിരൂരിലെ വൈദ്യുതി പ്രതിസന്ധി

ശ്രീ. കുറുക്കോളി മൊയ്തീൻ: തിരൂരിലെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): തിരൂർ നഗരസഭയുടെ പ്രധാന ഭാഗങ്ങളിലേയ്ക്ക് വൈദ്യുതി വിതരണം നടത്തിവരുന്ന തിരൂർ 110 കെ.വി. സബ്സ്റ്റേഷന്റെ ശേഷി ഉയർത്തുന്നതിനുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും ട്രാൻസ്ഫോർമർ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്. തിരൂർ നിയോജകമണ്ഡലത്തെ സമഗ്ര വികസനം ലക്ഷ്യം വയ്ക്കുന്ന വെങ്ങല്ലൂർ 220 കെ.വി. ജി.ഐ.എസ്. സബ്സ്റ്റേഷനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രവൃത്തി അന്തിമഘട്ടത്തിലാണ്. തിരുനാവായയിലേയ്ക്ക് വരുന്ന 33 കെ.വി. ലൈൻ ഡബിൾ സർക്യൂട്ടാക്കുന്നതിനും വൈരംകോട്, കൽപ്പകഞ്ചേരി 33 കെ. വി. ലൈൻ കവേർഡ് കണ്ടക്ടർ ആക്കുന്നതിനുമുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. കാടാമ്പുഴ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാക്കുന്നതോടെ ഇവിടേയ്ക്ക് സുഗമമായ വൈദ്യുതിവിതരണം സാധ്യമാകുന്നതാണ്.

(3) സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതന വർദ്ധന

ശ്രീ. കെ. ഡി. പ്രസേനൻ: സംസ്ഥാനത്തെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും സ്ഥിരം നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): എസ്.എസ്.എ.-യുടെ ഭാഗമായിരുന്ന കാലയളവിൽ എലിമെന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 22,000/- രൂപയും സെക്കണ്ടറി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 28,815/- രൂപയും വേതനമായി നൽകിയിട്ടുണ്ട്. ഇതോടൊപ്പംതന്നെ എല്ലാ വർഷവും സർക്കാർ അനുവദിക്കുന്ന ഓണം ഫെസ്റ്റിവൽ അലവൻസ്, ടി. എ. എന്നിവയും നൽകിവരുന്നു. എല്ലാ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്കും ഇ.പി.എഫ്./ഇ.എസ്.ഐ. വിഹിതം ശമ്പളത്തിനുപുറമെ നൽകുന്നുണ്ട്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽനിന്നും നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സ്ഥിരനിയമനത്തിനുള്ള നടപടികൾ സ്വീകരിക്കാനാവുകയുള്ളൂ. പ്രസ്തുത വിഷയത്തിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ട്.

(4) പരപ്പനങ്ങാടിയിലെ വിദ്യാർത്ഥിനിയുടെ ആത്മഹത്യ

ശ്രീ. കെ. പി. എ. മജീദ്: പ്ലസ് വൺ അലോട്ട്മെന്റിൽ സീറ്റ് ലഭിക്കാത്തതിനെത്തുടർന്ന് പരപ്പനങ്ങാടിയിൽ ഒരു വിദ്യാർത്ഥിനി ആത്മഹത്യചെയ്ത സാഹചര്യം സംബന്ധിച്ച് അന്വേഷണം നടത്താനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): അരമണിക്കൂർ മുമ്പ് ശ്രദ്ധയിൽപ്പെട്ട സംഭവമായതിനാൽ അതുസംബന്ധിച്ച വിശദാംശങ്ങൾ ലഭിച്ചിട്ടില്ല. വിദ്യാർത്ഥിനിയുടെ ആത്മഹത്യയിൽ ഖേദം പ്രകടിപ്പിക്കുന്നു. ഇതുസംബന്ധിച്ച റിപ്പോർട്ട് പോലീസിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കമ്മ്യൂണിറ്റി ക്വാട്ടയിൽ ഈ വിദ്യാർത്ഥിനി സീറ്റിന് അർഹയായതിനാൽ പ്രാഥമിക വിവരമനുസരിച്ച് പ്ലസ് വൺ-ന് സീറ്റ് ലഭിക്കാതിരിക്കുന്ന പ്രശ്നമില്ല. നിലവിൽ ഒന്നാം ഘട്ട അലോട്ട്മെന്റ് മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. രണ്ടാംഘട്ട അലോട്ട്മെന്റും കമ്മ്യൂണിറ്റി ക്വാട്ടയുടെ റിസർവേഷനും ഇന്നുമുതലാണ് ആരംഭിക്കുന്നത്. മൂന്നാമത്തെ അലോട്ട്മെന്റും സപ്ലിമെന്ററി അലോട്ട്മെന്റും കഴിയുമ്പോൾ പത്താം ക്ലാസ് പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും സീറ്റ് ലഭിക്കും. കുട്ടിയുടെ ആത്മഹത്യ

പ്ലസ് വൺ അഡ്മിഷനുമായി ബന്ധപ്പെടുത്തേണ്ടതില്ല. ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ലഭിച്ചശേഷം കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താം.

(5) കോന്നിയിലെ വന്യമൃഗശല്യം

ശ്രീ. കെ. യു. ജനീഷ് കുമാർ: കോന്നിയിലെ വിവിധ പഞ്ചായത്തുകളിലെ വന്യമൃഗശല്യം തടയുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും പുതിയതായി അനുവദിച്ച ആർ.ആർ.ടി.-യുടെ പ്രവർത്തനം ആരംഭിക്കുന്നതിനും കൂടുതൽ വാച്ചർമാരെ നിയമിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): വന്യമൃഗ സാന്നിദ്ധ്യമുള്ള സ്ഥലങ്ങളിൽ ക്യാമറ ട്രാപ്പുകൾ സ്ഥാപിക്കാനും പട്രോളിംഗ് ശക്തമാക്കാനും തീരുമാനിച്ചിട്ടുണ്ട്. വനത്തോടുചേർന്ന് കൈതച്ചക്ക പോലുള്ളവ കൃഷി ചെയ്യരുതെന്ന് ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2021 മുതൽ ലഭിച്ച അപേക്ഷകളിൽ 129 ലക്ഷം രൂപയുള്ള നഷ്ടപരിഹാരം നൽകുകയും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 185 കി.മീ. സൗരോർജ്ജ വേലികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഡിസ്ട്രിക്ട് എമർജൻസി ഓപ്പറേഷൻ സെന്റർ സ്ഥാപിച്ച് 24 മണിക്കൂറും പ്രവർത്തനം

നടത്തുന്നതിനും വാട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് വന്യമൃഗ സാന്നിദ്ധ്യത്തെക്കുറിച്ച് അറിയിപ്പ് നൽകാനും സുരക്ഷിതത്വം ഉറപ്പുവരുത്താനും പ്രതിരോധ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സെൻട്രലൈസ്ഡ് മെസേജ് അലർട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച പദ്ധതി ആറ് മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

## (6) ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നുള്ള ബസ് സർവ്വീസുകൾ

ശ്രീ. ജോബ് മൈക്കിൾ: ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും കിഴക്കൻ മേഖലയിലേയ്ക്ക് നടത്തിയിരുന്ന സർവ്വീസുകൾ പുനരാരംഭിക്കുന്നതിനും നിർമ്മാണത്തിലിരിക്കുന്ന ബസ് സ്റ്റാന്റിന്റെ നിർമ്മാണപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുമുള്ള നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): ചങ്ങനാശ്ശേരി കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ നിർമ്മാണം ചങ്ങനാശ്ശേരി പി.ഡബ്ല്യു.ഡി. (ബിൽഡിംഗ്സ്) വിഭാഗത്തിന് നൽകിയിട്ടുള്ളതും ടെണ്ടർ നടപടികൾ ആയിട്ടുള്ളതുമാണ്. ചങ്ങനാശ്ശേരി ഡിപ്പോയിൽ 49

ബസുകളാണ് സർവ്വീസ് നടത്തുന്നത്. നഷ്ടത്തിലോടുന്ന സർവ്വീസുകൾ നിർത്തലാക്കിയതുമൂലം കളക്ഷൻ വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. വരുമാനം വളരെ കുറഞ്ഞ സാഹചര്യത്തിലാണ് ഗുരുവായൂരിലേയ്ക്കുള്ള ബസ് സർവീസ് കോവിഡിനുശേഷം നിർത്തലാക്കിയത്. സി.എൻ.ജി. ഉപയോഗിക്കുന്ന ബസുകൾക്ക് ചെലവ് കുറവായതിനാൽ അവ പ്രോത്സാഹിപ്പിക്കും.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഇതുമായി ബന്ധപ്പെട്ട് സംയുക്തയോഗം ചേർന്ന് തീരുമാനമെടുക്കാവുന്നതാണ്.

(7) നീറ്റ് പരീക്ഷാ നടത്തിപ്പിലെ ക്രമക്കേട്

ശ്രീ. പി. സി. വിഷ്ണുനാഥ്: നീറ്റ് പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കണം.

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. കെ. എം. സച്ചിൻദേവ്, എം.എൽ.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്.)

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): നീറ്റ് പരീക്ഷ നടത്തുന്നത് കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെസ്റ്റിംഗ് ഏജൻസിയായതിനാൽ ഇപ്പോൾ നടന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ സംബന്ധിച്ച് കേരള സർക്കാരിന് നേരിട്ട്

അന്വേഷിച്ച് നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല. വിഷയം ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ പ്രവേശന പരീക്ഷയുടെ സാധുതയെ ചോദ്യം ചെയ്യപ്പെടുന്ന നടപടികൾ അന്വേഷിക്കണമെന്നും ശക്തമായ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിന് കത്ത് നൽകിയിട്ടുണ്ട്.

(8) തൃശ്ശൂർ-കുറ്റിപ്പുറം, തൃശ്ശൂർ-കൊടുങ്ങല്ലൂർ റോഡുകളുടെ നവീകരണം

ശ്രീ. എ. സി. മൊയ്തീൻ: റീ ബിൽഡ് കേരള പദ്ധതിയിലുൾപ്പെട്ട തൃശ്ശൂർ-കുറ്റിപ്പുറം, തൃശ്ശൂർ-കൊടുങ്ങല്ലൂർ റോഡുകളുടെ നവീകരണത്തിലുണ്ടായ തടസ്സം പരിഹരിക്കുന്നതിനും കൂർക്കഞ്ചേരി-കൊടുങ്ങല്ലൂർ റോഡിന്റെ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിലുൾപ്പെട്ട തൃശ്ശൂർ-കുറ്റിപ്പുറം സ്റ്റേറ്റ് ഹൈവേ വികസിപ്പിക്കുന്നതിനുള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ കരാറുകാരെ ടെർമിനേറ്റ് ചെയ്ത് റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. പുതിയ കരാറുകാരന് സൈറ്റ് കൈമാറുന്ന കാലയളവിൽ

റോഡ് ട്രാഫിക്കബിളായി നിലനിർത്തണമെന്ന കർശന നിർദ്ദേശം നൽകുകയും ഇതിന്റെ ഭാഗമായി 29 ലക്ഷം രൂപയുടെ പ്രീ-മൺസൂൺ പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുകയും ചെയ്തിട്ടുണ്ട്. കൊടുങ്ങല്ലൂർ മുതൽ കുർക്കഞ്ചേരി വരെയുള്ള റോഡ് നവീകരണ പ്രവൃത്തി ആരംഭിച്ചെങ്കിലും 13.5 കിലോമീറ്റർ മാത്രമാണ് ഇതുവരെ നിർമ്മിക്കാൻ കഴിഞ്ഞത്. നിലവിൽ പാലയ്ക്കൽ സെന്ററിൽ 250 മീറ്റർ നീളത്തിൽ പി.ക്യൂ.സി. നിർമ്മാണപ്രവൃത്തി ആരംഭിക്കുകയും റോഡിലെ കുഴികൾ അടയ്ക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ രണ്ട് റോഡുകളുടെയും വിഷയങ്ങൾ ചർച്ച ചെയ്യാനായി ഒരു പ്രത്യേക യോഗം വിളിച്ചുചേർക്കുന്നതാണ്.

(9) ഇടവ, പുന്നമൂട് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

ശ്രീ. വി. ജോയി: വർക്കല നിയോജകമണ്ഡലത്തിലെ ഇടവ, പുന്നമൂട് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സംസ്ഥാന സർക്കാരിന്റെ 'ലെവൽ ക്രോസ് ഇല്ലാത്ത കേരളം പദ്ധതി'യിലുൾപ്പെടുത്തി നിർമ്മിക്കുന്ന ഇടവ റെയിൽവേ മേൽപ്പാലത്തിന്

കിഫ്ബി മുഖാന്തരം 35.69 കോടി രൂപയുടെ ഭരണാനുമതി നൽകി സ്ഥലമേറ്റെടുത്തിട്ടുണ്ട്. ആർ.ബി.ഡി.സി.കെ.-യെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് പുന്നമൂട് റെയിൽവേ മേൽപ്പാലത്തിന് 36.88 കോടി രൂപയുടെ ഭരണാനുമതി നൽകുകയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(10) <u>കാരേറ്റ്-പാലോട് റോഡ് നിർമ്മാണം</u>

<u>ശ്രീ. ഡി. കെ. മുരളി:</u> വാമനപുരം നിയോജകമണ്ഡലത്തിലെ കാരേറ്റ്-പാലോട് റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി <u>(ശ്രീ. പി. എ. മുഹമ്മദ് റിയാസ്):</u> കാരേറ്റ്-പാലോട് റോഡിന്റെ 15.5 കിലോമീറ്റർ ഭാഗം ആധുനിക നിലവാരത്തിൽ നിർമ്മിക്കാൻ കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി നൽകിയെങ്കിലും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്യുകയും ശേഷിക്കുന്ന പ്രവൃത്തിയുടെ 30 ശതമാനം തുക കെട്ടിവച്ച് പ്രവൃത്തി പുനരാരംഭിക്കാൻ ടിയാൻ തയ്യാറാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടെർമിനേഷൻ പിൻവലിക്കാനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയുമാണ്. റോഡ് നിർമ്മാണം പുനരാരംഭിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യാനായി യോഗം

വിളിച്ചുചേർക്കാൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നതാണ്.

(11) ദേശീയപാത 66-ന്റെ നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകത

ശ്രീ. പി. അബ്ദുൽ ഹമീദ്: ദേശീയപാത 66-ന്റെ നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടന്ന ദേശീയപാതാ വികസന അവലോകന യോഗത്തിൽ വെള്ളക്കെട്ട്, ചെളി തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പൊതു നിർദ്ദേശങ്ങൾ നൽകിയിരുന്നു. രാമനാട്ടുകര-വളാഞ്ചേരി, വളാഞ്ചേരി-കാപ്പിരിക്കാട് സ്ട്രെച്ചുകളിലെ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. രണ്ട് റീച്ചുകളിലുമായി 60 ശതമാനം ഡി.ബി.എം. പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

## IV ധനകാര്യം

### 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XII - പോലീസ്
(3248,69,95,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ
(138,60,38,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIV - സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും
(431,03,56,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXIII - വാർത്താവിതരണവും പ്രചരണവും
(72,55,58,000 രൂപ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയേയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ

സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയേയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ സാമ്പത്തിക നയം സംസ്ഥാന സർക്കാരിന്റെ വികസന/സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചത് ഇക്കഴിഞ്ഞ ലോക്സഭ തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചുവെന്നുള്ളത് യാഥാർത്ഥ്യമാണ്. സാമൂഹ്യക്ഷേമ പെൻഷൻ 1600/- രൂപയാക്കി വർദ്ധിപ്പിക്കാൻ സാധിച്ചത് അഭിമാനാർഹമാണ്. സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്ത കുടിശ്ശിക താമസംവിനാ നൽകുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. കുറ്റാന്വേഷണ രംഗത്ത് മുന്നേറ്റമുണ്ടാക്കാനും സംസ്ഥാനത്തെ പോലീസ് സംവിധാനത്തെ കുറ്റമറ്റ നിലയിൽ മെച്ചപ്പെടുത്താനും സാധിച്ചത് അഭിനന്ദനാർഹമാണ്.

ഡോ. മാത്യു കുഴൽനാടൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ലോക്സഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. കരസ്ഥമാക്കിയ വിജയത്തെ ഇകഴ്ത്തികാണിക്കുന്ന ഇടതുപക്ഷ സമീപനം അപലപനീയമാണ്.

ശ്രീമതി സി. കെ. ആശ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സൈബർ കുറ്റകൃത്യങ്ങളിൽനിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനും നിയമസഹായം ലഭ്യമാക്കി അവരെ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരുന്നതിനുമായി കേരള പോലീസ് "കുട്ട്" പദ്ധതി നടപ്പാക്കിയതും കുട്ടികൾക്ക് സുരക്ഷിതവും ആഹ്ലാദഭരിതവുമായ ബാല്യം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ "ചിരി" പദ്ധതി ആരംഭിച്ചതും കുട്ടികൾക്കെതിരെയുള്ള ലൈംഗിക ചൂഷണം, അശ്ലീല ചിത്ര പ്രദർശനം എന്നിവ തടയുന്നതിനായി സി.സി.എസ്.ഇ. യൂണിറ്റ് ആരംഭിച്ചതും ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ള കുട്ടികളുടെ പഠനത്തിനായി 'ഹോപ്പ്' പദ്ധതി ആരംഭിച്ചതും അഭിനന്ദനാർഹമാണ്. 110 പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളായി പരിവർത്തനം ചെയ്തതും പോലീസിന്റെ നേതൃത്വത്തിൽ 26675 വനിതകൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകിയതും ശ്ലാഘനീയമാണ്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് പെൺകുട്ടികൾക്കുകൂടി സ്വയം പ്രതിരോധ പരിശീലനം നൽകുന്നതിന്

നടപടി സ്വീകരിക്കണം. എൻ.സി.ആർ.ബി. റിപ്പോർട്ട് പ്രകാരം കുറ്റപത്രം സമർപ്പിക്കുന്നതിലും കുറ്റാന്വേഷണത്തിലും ശിക്ഷ നടപ്പാക്കുന്നതിലും കേരളം മറ്റ് സംസ്ഥാനങ്ങളെക്കാൾ മുന്നിലാണെന്നത് അഭിമാനകരമാണ്. പോലീസ് സ്റ്റേഷനുകൾ ആധുനികവൽക്കരിക്കാനും ജനസംഖ്യയ്ക്കാനുപാതികമായി പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കാനും വൈക്കം പോലീസ് സ്റ്റേഷൻ പുനർനിർമ്മിച്ച് പൈതൃക സ്മാരകമാക്കി മാറ്റാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ ജനങ്ങളെ പ്രതിപക്ഷവും മാധ്യമങ്ങളുംകൂടി തെറ്റിദ്ധരിപ്പിച്ചതുകൊണ്ടാണ് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം പരാജയപ്പെട്ടതെന്ന വാദം അപഹാസ്യമാണ്. രാജ്യത്തെ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾക്കെതിരായി പോരാട്ടം നടത്തുന്ന കോൺഗ്രസ്സിന് ജനങ്ങൾ നൽകിയ അംഗീകാരമാണ് ഈ തെരഞ്ഞെടുപ്പിലെ മുന്നേറ്റം. ഗുണ്ടകളുടെ വിരുന്ന് സൽക്കാരത്തിൽ ഉന്നത പോലീസുദ്യോഗസ്ഥൻ പങ്കെടുത്ത സംഭവം സേനയ്ക്കാകെ നാണക്കേടുണ്ടാക്കിയിട്ടുണ്ട്. പോലീസിൽ ക്രിമിനൽവൽക്കരണം ശക്തിപ്പെടുകയാണ്. ക്രിമിനൽ കേസുകളിലെ

പ്രതികൾ ശിക്ഷിക്കപ്പെടാതെ പോകുന്ന സംഭവങ്ങൾ സർവ്വസാധാരണമായി മാറിയിട്ടുണ്ട്.

ശ്രീ. ജോബ് മൈക്കിൾ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആധുനികവൽക്കരണത്തിലൂടെയും മെച്ചപ്പെട്ട പരിശീലനങ്ങളിലൂടെയും സംസ്ഥാന പോലീസിനെ രാജ്യത്തെ ഏറ്റവും മികച്ച സേനകളിലൊന്നായി മാറ്റാൻ സാധിച്ചിട്ടുണ്ട്. മികച്ച രീതിയിൽ നീതിനിർവ്വഹണം നടത്തിയതിനുള്ള നിരവധി ദേശീയ പുരസ്കാരങ്ങൾ നേടിയെടുക്കാൻ സംസ്ഥാന പോലീസിന് സാധിച്ചിട്ടുണ്ട്. സേനയിലെ വനിതാ പങ്കാളിത്തം വർദ്ധിപ്പിക്കുകയും സ്ത്രീകൾക്ക് സ്വയം പ്രതിരോധ സംവിധാനം ഏർപ്പെടുത്തുകയും സ്ത്രീസുരക്ഷ ഉറപ്പാക്കാൻ സ്റ്റേഷനുകളിൽ നിർഭയ സന്നദ്ധസേനാ പ്രവർത്തകരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എം. വിൻസെന്റ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പോലീസിന്റെ നിഷ്ക്രിയത്വംമൂലം ലഹരി-ഗുണ്ടാമാഫിയകൾ സംസ്ഥാനത്താകെ ശക്തിപ്പെടുകയും തന്മൂലം ക്രമസമാധാനനില തകർന്നിരിക്കുകയുമാണ്. ലോക്സഭാ തെരഞ്ഞെടുപ്പ് തോൽവി പരിശോധിക്കാൻ തയ്യാറായില്ലെങ്കിൽ ഇതിലും വലിയ തകർച്ചയിലേയ്ക്ക് ഇടതുപക്ഷം പോകുമെന്ന കാര്യത്തിൽ സംശയമില്ല.

<u>ശ്രീ. കെ. പ്രേംകുമാർ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വർഗ്ഗീയശക്തികളുടെ ആക്രമണങ്ങളെ പ്രതിരോധിക്കാനും അതിജീവിക്കാനും എക്കാലത്തും മുൻപന്തിയിൽ നിന്നിട്ടുള്ളത് ഇടതുപക്ഷമാണെന്ന കാര്യം ജനങ്ങൾക്ക് ബോധ്യമുള്ളതാണ്. ബി.ജെ.പി.-ക്ക് കേവല ഭൂരിപക്ഷം ലഭിക്കാതിരിക്കുന്ന സാഹചര്യത്തിലേയ്ക്ക് രാജ്യത്തെ നയിച്ചതിൽ ഇടതുപക്ഷത്തിനുള്ള പങ്ക് നിർണ്ണായകമാണ്. ക്രമസമാധാനം ഉറപ്പുവരുത്താനും വർഗ്ഗീയ സംഘർഷങ്ങളിൽനിന്ന് കേരളത്തെ മുക്തമാക്കാനും പോലീസ് സേനയ്ക്ക് സാധിച്ചത് അഭിമാനകരമായ നേട്ടമാണ്. കുറ്റാന്വേഷണ മികവിലും ആധുനിക സങ്കേതിക വിദ്യയിലും രാജ്യത്തിന് മാതൃകയാകാൻ കേരള പോലീസിന് സാധിച്ചത് ശ്ലാഘനീയമാണ്. പോലീസ് വകുപ്പിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ജയിൽ അന്തേവാസികളുടെ എണ്ണത്തിനനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും അവരുടെ സുരക്ഷിതത്വവും ക്ഷേമവും ലക്ഷ്യമാക്കി നിരവധി പദ്ധതികൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ജയിൽ മോചിതരാകുന്നവരുടെ പുനരധിവാസം മുൻനിർത്തി തൊഴിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചും തൊഴിൽ സംരംഭങ്ങളെക്കുറിച്ചുള്ള

അവബോധം നൽകിയും മാതൃകാപരമായി മുന്നോട്ടുപോകാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്.

ശ്രീമതി കാനത്തിൽ ജമീല: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും കുറ്റകൃത്യങ്ങൾ ശാസ്ത്രീയമായി തെളിയിക്കുന്നതിനും പോലീസ് സേനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. മതധ്രുവീകരണവും വർഗ്ഗീയശക്തികളെ പ്രീണിപ്പിക്കുന്ന നിലപാടുകളുമായാണ് പ്രതിപക്ഷം ലോക്സഭാ തെരഞ്ഞെടുപ്പിനെ നേരിട്ടത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ക്രമസമാധാനപാലനം, പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം എന്നീ മേഖലകളിൽ കേരളം ഇന്ത്യയ്ക്ക് മാതൃകയായത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രവർത്തന ഫലമായാണ്. ജനകീയ-സാമൂഹിക പ്രശ്നങ്ങളിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും മാതൃകാപരമായ ഇടപെടലാണ് പോലീസ് വകുപ്പ് നടത്തിവരുന്നത്. തെളിയിക്കപ്പെടാത്ത കേസുകളടക്കം നിഷ്പക്ഷമായി അന്വേഷിച്ച് സമയബന്ധിതമായി തീർപ്പാക്കിവരികയാണ്. പ്രളയം, കോവിഡ് തുടങ്ങിയ ദുരന്തങ്ങളെ നേരിടാൻ കേരള പോലീസ് നൽകിയ സേവനങ്ങൾ സ്തുത്യർഹമാണ്.

ഓൺലൈൻ തട്ടിപ്പ്, ലഹരി/സൈബർ കേസുകൾ എന്നിവയിൽ കേരള പോലീസ് സമർത്ഥമായി ഇടപെടുന്നുണ്ട്.

ശ്രീമതി കെ. കെ. രമ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കുറ്റവാളികൾ യഥേഷ്ടം വിഹരിക്കുകയും ക്രമസമാധാനപാലകരും ഗുണ്ടകളും ക്രിമിനലുകളും കൂട്ടുകച്ചവടക്കാരാകുകയും ജയിലുകൾ അവധിക്കാല വസതികളായി മാറുകയും ചെയ്യുന്ന സാഹചര്യം അപമാനകരമാണ്. സ്ത്രീസമൂഹത്തിന് നീതി ലഭ്യമാക്കുന്നതിനും കൊലപാതകം ഉൾപ്പെടെയുള്ള കേസുകളിൽ കൃത്യമായ അന്വേഷണം നടത്തി പ്രതികളെ നിയമത്തിനു മുന്നിൽകൊണ്ടുവരാനുമുള്ള നടപടികൾ പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. സർക്കാരിന്റെ പരാജയമാണ് ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനങ്ങളിലൂടെ കാണാൻ സാധിക്കുന്നത്.

ശ്രീ. കെ. എം. സച്ചിൻദേവ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാജ്യത്ത് മികച്ച ക്രമസമാധാന പരിപാലനം കാഴ്ചവച്ച സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനം കേരളത്തിനാണ്.

ശ്രീ. അഹമ്മദ് ദേവർകോവിൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിലും തടയുന്നതിലും നീതിനിർവ്വഹണത്തിലും കേരള പോലീസിന്റെ മികവ് ശ്ലാഘനീയമാണ്. മത-വർഗ്ഗീയ-ആൾക്കൂട്ട

കൊലപാതകങ്ങളില്ലാതെ സ്വസ്ഥമായി ജീവിക്കാനുള്ള സാഹചര്യമാണ് നിലവിലുള്ളത്. ആധുനികാലത്തിനനുസൃതമായി പോലീസ് സേനയെ ശാസ്ത്രീയമായി നവീകരിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെയും കുറ്റകൃത്യങ്ങളെയും പ്രതിരോധിക്കാൻ സ്ത്രീ സുരക്ഷാ പദ്ധതി ആവിഷ്കരിച്ചതോടൊപ്പം സ്ത്രീധന പീഡനങ്ങൾ, സൈബർ അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ എന്നിവയെ ഫലപ്രദമായി നേരിടാനും ശാസ്ത്ര-സാങ്കേതികവിദ്യയുടെ സഹായത്തോടെ സൈബർ കുറ്റവാളികളെ കണ്ടെത്താനും സേനയ്ക്ക് സാധിച്ചിട്ടുണ്ട്. സേനയുടെ മികവിനും ആധുനികവൽക്കരണത്തിനും നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ശ്രീ. എം. നൗഷാദ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ലോകോത്തര നിലവാരത്തിലേയ്ക്ക് കേരള പോലീസിനെ മാറ്റിയതും ക്രമസമാധാനപാലനത്തിൽ പ്രഥമ സ്ഥാനം കൈവരിക്കാൻ സാധിച്ചതും സർക്കാരിന്റെ നേട്ടമാണ്. മുതിർന്ന പൗരന്മാർക്ക് ഓൺലൈൻ മുഖാന്തരം പരാതി സമർപ്പിക്കാനുള്ള സൗകര്യമൊരുക്കിയതും പോലീസ് സ്റ്റേഷനുകളിൽ പി.ആർ.ഒ.-മാരെ നിയമിച്ചതും ഹെൽപ്പ് ഡെസ്ക് സ്ഥാപിച്ചതും സ്വാഗതാർഹമാണ്. പോലീസ് സേനയിലെ ക്രിമിനലുകളായ

ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും പുറത്താക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. പി. ഉബൈദുള്ള: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഗുണ്ടകളെ നിയന്ത്രിക്കുന്നതിന് പോലീസ് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയെന്ന ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ സർക്കാർ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് സേനയെ കാലോചിതമായി പരിഷ്കരിച്ച് ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ കുറ്റക്കാരെ കണ്ടെത്താനുള്ള സംവിധാനങ്ങൾ നടപ്പാക്കുകയും വർഗ്ഗീയ ശക്തികളെ അമർച്ച ചെയ്യാനുള്ള സമീപനം സ്വീകരിക്കുകയും ജയിലുകളിൽ സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തത് സ്വാഗതാർഹമാണ്. സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്താൻ ആധുനിക സംവിധാനങ്ങളോടുകൂടിയ പ്രത്യേക സൈബർ ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങൾ ചെയ്യുന്ന പോലീസുദ്യോഗസ്ഥരെ ക്രിമിനലുകളായി കണ്ട് സർവ്വീസിൽനിന്ന് പിരിച്ചുവിടാനുള്ള നടപടികൾ സ്വീകരിക്കുന്നത്

മാതൃകാപരമാണ്. കേസുകൾ അന്വേഷിച്ച് കുറ്റപത്രം സമർപ്പിക്കുന്നതിൽ കേരളം മുന്നിലാണെന്ന് ദേശീയ ക്രൈം റെക്കാർഡ്സ് ബ്യൂറോ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരാതി സമർപ്പിക്കാൻ ഓൺലൈൻ പോർട്ടൽ, കേന്ദ്രീകൃത കൺട്രോൾ റൂം, ജനമൈത്രി പോലീസ് സ്റ്റേഷൻ, ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ, ആധുനിക സംവിധാനങ്ങളോടുകൂടിയ ടെലി കമ്മ്യൂണിക്കേഷൻ സിസ്റ്റം, ഡ്രോൺ ഫോറൻസിക് ലാബ് എന്നിവയിലൂടെ പോലീസ് സേനയെ രാജ്യത്തെ ഏറ്റവും മികച്ച ക്രമസമാധാനപാലന സേനയാക്കി മാറ്റാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. വനിതകൾ ഉൾപ്പെടെയുള്ള ജീവനക്കാരെ നിയോഗിച്ചുകൊണ്ട് ഫയർ ആൻഡ് റെസ്ക്യൂ സേനയെ മെച്ചപ്പെടുത്തിയത് ശ്ലാഘനീയമാണ്.

<u>ശ്രീ. കെ. വി. സുമേഷ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ക്രമസമാധാനപാലനത്തിൽ സംസ്ഥാനം മുന്നിലാണ്. ഇന്റഗ്രേറ്റഡ് കോർ പോലീസിംഗ് സിസ്റ്റം ഇൻഡ്യയിലാദ്യമായി നടപ്പാക്കിയ സംസ്ഥാനം കേരളമാണ്. ജയിലുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടന്നുവരികയാണ്. ഫയർഫോഴ്സിന്റെ പ്രവർത്തനങ്ങൾ ആധുനികവത്കരിക്കുന്നതിലൂടെ കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളെ അതിജീവിക്കാൻ സാധിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണത്തിൻകീഴിൽ ക്രമസമാധാനനില തകർന്നിരിക്കുകയാണ്. ആഭ്യന്തരവകുപ്പുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് സഭയിൽ യഥാസമയം ഉത്തരം ലഭ്യമാക്കുന്നില്ല. സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമവും ഗുണ്ടാ ആക്രമണവും സൈബർ കുറ്റകൃത്യങ്ങളും വർദ്ധിച്ചിരിക്കുകയാണ്. ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനം പാടെ പരാജയപ്പെട്ടിരിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്തെ ക്രമസമാധാന രംഗത്ത് സമാധാനപൂർണ്ണമായ അന്തരീക്ഷം നിലനിർത്താനും സുസ്ഥിര വികസനമെന്ന ലക്ഷ്യം കൈവരിക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. നൂറ്റാണ്ടിലെ മഹാപ്രളയം, പ്രകൃതി ദുരന്തം, കോവിഡ് മഹാമാരി എന്നീ ഘട്ടങ്ങളിൽ ആർക്കും ഏത് സമയത്തും ആശ്രയിക്കാനും പ്രശ്നപരിഹാരത്തിന് നിർഭയം കടന്നുചെല്ലാനും കഴിയുന്ന ഒരിടമായി പോലീസ് സ്റ്റേഷനുകൾ മാറി എന്നത് അഭിമാനകരമാണ്. വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടാക്കുവാൻ നടത്തുന്ന ശ്രമങ്ങൾക്കെതിരെ ഊർജ്ജിതവും ശക്തവുമായ നിലപാട് സ്വീകരിക്കുവാൻ പോലീസിന് കഴിഞ്ഞിട്ടുണ്ട്. ഇക്കഴിഞ്ഞ ലോകസഭാ തിരഞ്ഞെടുപ്പ് കാലയളവിൽ സമാധാനപരമായ

തിരഞ്ഞെടുപ്പ് പ്രചരണാന്തരീക്ഷം സംസ്ഥാനത്തുണ്ടാക്കാൻ കഴിഞ്ഞത് അഭിമാനാർഹമാണ്. കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവർക്കെതിരെ മുഖം നോക്കാതെ നടപടി സ്വീകരിക്കുന്നതും പഴുതടച്ച കേസന്വേഷണ പ്രക്രിയയും ഫലപ്രദമായ പ്രോസിക്യൂഷൻ നടപടികളും കേരളം തുടരുകയാണ്. പോലീസ് സ്റ്റേഷനുകളിൽ ഭൂരിപക്ഷവും സ്ത്രീസൗഹൃദവും ശിശുസൗഹൃദവുമാക്കി മാറ്റാനും സ്ത്രീ സുരക്ഷയ്ക്കാവശ്യമായ നടപടി സ്വീകരിക്കാനും പൊതുയിടങ്ങളിൽ സ്ത്രീകൾക്ക് സംരക്ഷണം നൽകുന്നതിനുതകുന്ന പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കാനും കഴിഞ്ഞിട്ടുണ്ട്. സൈബർ ചൂഷണത്തിന് ഇരയാകുന്ന സ്ത്രീകൾക്ക് സംരക്ഷണം നൽകുന്നതോടൊപ്പം അപകടങ്ങൾ തിരിച്ചറിയുന്നതിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും മൊബൈൽ ആപ്പുകളും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾ മുതൽ വയോജനങ്ങൾവരെ പല നിലകളിൽപ്പെട്ടവർ സൈബർ കുറ്റകൃത്യങ്ങളുടെ ഇരകളാകുന്നതിന്റെ വെളിച്ചത്തിലാണ് പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ സൈബർ പോലീസ് ഡിവിഷൻ ആരംഭിച്ചത്. താഴെതലം മുതൽ മുകൾത്തട്ട് വരെയുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ കേസുകൾ കൈകാര്യം ചെയ്യുന്നതിലും തെളിവുകൾ ശേഖരിക്കുന്നതിലും

കുറ്റവാളികൾക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിലും മതിയായ പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. ഓൺലൈനിലൂടെയുള്ള സാമ്പത്തിക തട്ടിപ്പുകൾ തടയുന്നതിന് സൈബർ ക്രൈം ഹെൽപ്‌ലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഡ്രോണുകൾ സൃഷ്ടിച്ചേക്കാവുന്ന സുരക്ഷാഭീഷണി മറികടക്കുന്നതിനും അവയെ കണ്ടെത്തി തകർക്കുന്നതിനും സൈബർ ഡോമിന് കീഴിൽ ഡ്രോൺ ഫോറൻസിക് ലാബ് ആൻഡ് റിസർച്ച് സെന്റർ സ്ഥാപിച്ച ഇന്ത്യയിലെ ആദ്യത്തെ സേനയാണ് കേരളാ പോലീസ്. ഇതിനുപുറമെ ഡാർക്ക് വെബ്ബിലെ നിഗൂഢതകൾ നീക്കുന്നതിനും കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനുമായി കേരള പോലീസ് ഡ്രോണെക്സ് എന്ന പേരിൽ ഒരു ഫോറൻസിക് സോഫ്റ്റ്‌വെയർ സൗജന്യമായി വികസിപ്പിച്ചെടുത്തിട്ടുണ്ട്. അടുത്തകാലത്ത് ആർ.സി.സി.-യിലുണ്ടായ ട്രാൻസ്ഫോമർ അറ്റാക്കിൽ കൃത്യമായി ഇടപെടാനും ചുരുങ്ങിയ സമയംകൊണ്ട് അറ്റാക്ക് ബാധിക്കപ്പെട്ട സർവ്വറുകൾ പ്രവർത്തനസജ്ജമാക്കാനും സൈബർ പോലീസിന് കഴിഞ്ഞു. ചൈൽഡ് പോണോഗ്രാഫി പ്രചരിപ്പിച്ചതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിന്മേൽ 31 പ്രതികളെ അറസ്റ്റ് ചെയ്യുകയും ഡിവൈസുകൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

പൊതുസമൂഹത്തിൽ ലഹരി മരുന്നിന്റെ ഉപയോഗവും വ്യാപനവും തടയുന്നതിന് ഓപ്പറേഷൻ ഡി-ഹണ്ട് എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ലഹരികടത്തിനും വിപണനത്തിനുമെതിരെ NDPS നിയമപ്രകാരമുള്ള നടപടികളും സ്ഥിരം മയക്കുമരുന്ന് കേസുകളിലുൾപ്പെടുന്ന കുറ്റവാളികളെ PIT-NDPS ആക്ട് പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ-കോളേജ് വിദ്യാർത്ഥികളിൽ ലഹരി ഉപയോഗം തടയുന്നതിനും ലഹരി വിരുദ്ധ അവബോധം സൃഷ്ടിക്കുന്നതിനുമായി 'യോദ്ധാവ്' എന്ന പ്രത്യേക കർമ്മ പദ്ധതി നടപ്പാക്കിവരികയാണ്. സ്കൂളുകൾക്ക് സമീപത്തായി പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളെ നിരീക്ഷിക്കുന്നതിന് ഷാഡോ പോലീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പല കാരണങ്ങളാൽ വിദ്യാഭ്യാസം നിലച്ചുപോയ വിദ്യാർത്ഥികളെ ലഹരി മാഫിയയുടെ കൈകളിലകപ്പെടാതെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനായി HOPE എന്ന പദ്ധതി നടത്തിവരുന്നുണ്ട്. വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും കുറ്റകൃത്യങ്ങളിൽ ഏർപ്പെടാനുള്ള പ്രവണത നിയന്ത്രിക്കുന്നതിനും സൈബർ ആക്രമണങ്ങളുടെ ഇരയായി മാറുന്നതിൽനിന്നും സംരക്ഷിക്കുന്നതിനും ജനമൈത്രി സുരക്ഷാ പദ്ധതിയുടെ കീഴിൽ എല്ലാ യു.പി. സ്കൂളിലും പ്രത്യേക

ക്ലബ്ബുകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പോലീസ് സേനയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി 15 പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഡെഡിക്കേറ്റഡ് എ.ഐ. ടീം രൂപീകരിക്കുകയും ഡാറ്റ അനലിറ്റിക്സ് കോഴ്സിൽ പങ്കെടുക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ഡാറ്റാ, ഫോട്ടോഗ്രാഫുകൾ സി.സി.ടി.വി. ഫൂട്ടേജുകൾ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട രേഖകൾ, തെളിവ് ഫയലുകൾ തുടങ്ങിയവ അതിവേഗം വിശകലനം ചെയ്യാനും അതുവഴി പഴുതില്ലാത്ത കുറ്റപത്രം തയ്യാറാക്കാനും നിർമ്മിതബുദ്ധി ഫലപ്രദമായി ഉപയോഗപ്പെടുത്താനുമാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പോലീസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഓരോ പോലീസ് ജില്ലയിലും ഒന്ന് എന്ന നിരക്കിൽ 20 പോലീസ് സ്റ്റേഷനുകൾ സ്മാർട്ടാക്കുന്നതിനുള്ള പ്രോജക്ട് പുരോഗമിച്ചുവരുന്നു. പൊതുജനങ്ങൾക്ക് അടിയന്തരഘട്ടങ്ങളിൽ പോലീസിന്റെ പിന്തുണ തേടുന്നതിനായി Emergency Response Support System ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. സോഷ്യൽ പോലീസിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. പോലീസ് സ്റ്റേഷനിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിൽ

സർക്കാർ പ്രത്യേക ശ്രദ്ധ പുലർത്തിയിട്ടുണ്ട്. മെച്ചപ്പെട്ട പൊതുജന സമ്പർക്കം, കീഴ്-മേൽ ബന്ധം, സേനയ്ക്കുള്ളിൽ സ്ത്രീ സൗഹാർദ്ദ അന്തരീക്ഷം സൃഷ്ടിക്കൽ, ധാർമ്മികതയിൽ ഊന്നിയിലുള്ള കൃത്യ നിർവ്വഹണം തുടങ്ങി വിവിധ മേഖലകളിൽ സ്ഥിരം പരിശീലനത്തിനുള്ള സംവിധാനമാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും നടപ്പാക്കിയിട്ടുള്ള ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായുള്ള ബീറ്റ് ഓഫീസറുടെ ഗൃഹസന്ദർശനം എന്ന ആശയം മികച്ച രീതിയിൽ നടപ്പാക്കാൻ കഴിഞ്ഞു. വയോജനങ്ങളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനുമായി കേരള പോലീസ് ആരംഭിച്ച പ്രശാന്തി ഹെൽപ് ലൈൻ അഭിനന്ദനാർഹമാണ്. കേരളത്തിലെ 13 റെയിൽവേ സ്റ്റേഷനുകളിൽ റെയിൽവേ പോലീസിന്റെ സഹകരണത്തോടുകൂടി പ്രത്യേക ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പാക്കിവരുന്നു. കുട്ടികളിൽ പൗരബോധവും ലക്ഷ്യബോധവും സാമൂഹ്യപ്രതിബദ്ധതയും വളർത്തിയെടുക്കുന്നതിനായി രൂപീകരിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി രാജ്യത്തിന് മാതൃകയാണ്. പോലീസ് സേനയിലെ വനിതകളുടെ അംഗബലം 15 ശതമാനമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ജനകീയ സേന എന്ന നിലയിൽ ജനോന്മുഖമായ മാറ്റത്തിന് തയ്യാറാകാത്തവരെ കണ്ടെത്തി പടിപടിയായി സേനയിൽ

നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്രിമിനലുകളെ കേരള പോലീസിൽ വച്ചുപൊറുപ്പിക്കില്ല എന്ന നിലപാടാണ് സർക്കാരിനുള്ളത്. മികവാർന്ന പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഉദ്യോഗസ്ഥരെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

വിജിലൻസ് സംവിധാനം ഫലപ്രദമായി മുന്നോട്ടുപോകുകയാണ്. അഴിമതി തുടച്ചുനീക്കുന്നതിനായി പൊതുജന പങ്കാളിത്തത്തോടെ 'അഴിമതി മുക്ത കേരളം' എന്ന ക്യാംപയിൻ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. അഴിമതിയുടെ ഉറവിടം കണ്ടെത്തി ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ 'zero tolerance for corruption' എന്ന നയം നടപ്പിലാക്കിയതിന്റെ ഭാഗമായി ജനങ്ങളുടെ ദൈനംദിന ജീവിത പ്രശ്നങ്ങളുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും ഡിജിറ്റൈസ് ചെയ്തുവരികയാണ്. ഇ-ഗവേണൻസിലൂടെ സർക്കാർ സേവനങ്ങളും വിവര കൈമാറ്റവും സാമ്പത്തിക ഇടപാടുകളും സുതാര്യമാക്കാനും അഴിമതിരഹിതമാക്കാനും സാധിച്ചു. സർക്കാർ വകുപ്പുകളിൽ ആഭ്യന്തര വിജിലൻസ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നീതി നിർവ്വഹണം കാര്യക്ഷമവും ജനസൗഹൃദവുമാക്കുന്നതിനായി 6 വിജിലൻസ്

കോടതികളിൽ ഇ-കോർട്ട് സംവിധാനം ഏർപ്പെടുത്തുകയും കേരള ഹൈക്കോടതിയുടെ വിജിലൻസ് കേസ് മാനേജ്മെന്റ് സിസ്റ്റം മൊഡ്യൂളുമായി കണക്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. പി.എസ്.സി. വഴി നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സദ്ഭരണ ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകളിലെ അഴിമതി കണ്ടെത്തുന്നതിനായി വിജിലൻസ് നിരീക്ഷണം ശക്തമാക്കുകയും മിന്നൽ പരിശോധനകൾ നടത്തി കേസ്സുകൾ രജിസ്റ്റർ ചെയ്തുവരികയുമാണ്. ജില്ലകൾ കേന്ദ്രീകരിച്ച് സന്നദ്ധ സംഘടനകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും റസിഡന്റ്സ് അസോസിയേഷനുകളുടെയും സഹകരണത്തോടെ അഴിമതിക്കെതിരായ ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിച്ചുവരികയാണ്. അഴിമതി കേസ്സുകളിൽ വിചാരണ ത്വരിതപ്പെടുത്തുന്നതിനായി കൊല്ലം ആസ്ഥാനമാക്കി വിജിലൻസ് കോടതി സ്ഥാപിക്കുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്.

ജയിലുകളിലെ ഭരണനിർവ്വഹണം സംബന്ധിച്ച ഡോ. അലക്സാണ്ടർ ജേക്കബ് കമ്മിറ്റിയുടെ ശിപാർശകളിൽ സാമ്പത്തിക ബാധ്യതയില്ലാത്തവ നടപ്പിലാക്കിയിട്ടുണ്ട്. നിയമ നടപടികളുടെ ഭാഗമായി പൊതു സമൂഹത്തിൽനിന്ന് മാറ്റി നിർത്തപ്പെട്ട അന്തേവാസികളുടെ സുരക്ഷിത

കസ്റ്റഡിയും ക്ഷേമവും പുനരധിവാസവും മുൻനിർത്തിക്കൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം ജയിൽ മാന്വൽ പരിഷ്കരിക്കാനും ഉദ്ദേശിക്കുന്നുണ്ട്. 2014-ൽ നിലവിൽ വന്ന കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗിക സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിൽ കൂടുതൽ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി ഒരു വിദഗ്ദ്ധ സമിതിക്ക് രൂപം നൽകുന്നതാണ്. 2023-ൽ ജയിൽ വകുപ്പിൽ 262 പേരെ നിയമിക്കുകയും 2024-ൽ 355 പേർക്ക് നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. ജയിലുകളിൽ തടവുകാരുടെ പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അത്യാധുനിക സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കി ജയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വീഡിയോ കോൺഫറൻസിംഗ് വഴിയുള്ള വിചാരണ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. തടവുകാരെ മാനസാന്തരം വരുത്തി ഉത്തമപൗരന്മാരാക്കി മാറ്റുന്നതിനുതകുന്ന സംവിധാനങ്ങളാണ് പുതിയ കാലഘട്ടത്തിലെ ജയിലുകളിലുള്ളത്. അന്തേവാസികൾക്കായി കൗൺസിലിംഗും ആരോഗ്യ പരിരക്ഷാ സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിനുപുറമെ ജയിൽ ആശുപത്രികളുടെ നവീകരണവും ജയിൽ ഡെവലപ്മെന്റ് ഫണ്ടിന്റെ രൂപീകരണവും ഈ വർഷത്തെ വികസന ലക്ഷ്യങ്ങളാണ്.

ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പബ്ലിക് റിലേഷൻസ് വകുപ്പിനെ കാലോചിതമായി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. മാധ്യമപ്രവർത്തകരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി നിലവിലുള്ള പെൻഷൻ പദ്ധതി ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ആധുനിക യന്ത്ര സാമഗ്രികൾ ലഭ്യമാക്കി അച്ചടി വകുപ്പിന്റെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയും 20-നെതിരെ 75 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ഈ സഭാ

സമ്മേളനത്തോടുകൂടി പതിനഞ്ചാം കേരള നിയമസഭയിൽനിന്ന് ഞാൻ വിടവാങ്ങുകയാണ്. ആദ്യമായി നിയമസഭാംഗമായി സഭയിലെത്തിയപ്പോൾ എനിക്കുവേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകിയ മഹാരഥന്മാരെ ഈ സന്ദർഭത്തിൽ സ്മരിക്കുന്നു. പാർലമെന്റംഗം എന്ന നിലയിൽ സംസ്ഥാനത്തിന്റെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് കഴിയുന്നത്ര ഇടപെടൽ നടത്തുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു. എന്നോടുകാണിച്ച സ്നേഹത്തിനും വിശ്വാസത്തിനും സഹായ സഹകരണങ്ങൾക്കും എല്ലാ അംഗങ്ങൾക്കും ഉദ്യോഗസ്ഥ സുഹൃത്തുക്കൾക്കും നന്ദി രേഖപ്പെടുത്തുന്നു.

മി. സ്പീക്കർ: പാർലമെന്ററികാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ ശ്രീ. കെ. രാധാകൃഷ്ണൻ നൽകിയ പിന്തുണയ്ക്കും സഹകരണത്തിനും നന്ദി അറിയിക്കുന്നു. മികച്ച പാർലമെന്റേറിയൻ എന്ന നിലയിൽ ശോഭിക്കാൻ അദ്ദേഹത്തിന് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

(13.06.2024 മുതൽ 15.06.2024 വരെ നടക്കുന്ന ലോക കേരള സഭയുടെ നാലാം സമ്മേളനത്തിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അഭ്യർത്ഥിക്കുകയും ബക്രീദാശംസകൾ നേരുകയും ചെയ്തു.)

സഭ ഉച്ചയ്ക്കുശേഷം 3.52-ന് പിരിഞ്ഞു.

------------------